"ഭരണഭാഷ- മാതൃഭാഷ"

**കേരളസർക്കാർ**

നിയമ വകുപ്പ്

നമ്പർ.OLPC-2/145/2025-LAW 26-09-2025,തിരുവനന്തപുരം

നിയമസെക്രട്ടറി,
നിയമ വകുപ്പ്.

സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജ് ഉൾപ്പടെയുള്ള എല്ലാ സർക്കാർ, എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽമാർ.

സർ,

വിഷയം:- നിയമ വകുപ്പ് — ഭരണഘടനാ ദിനാഘോഷത്തോടനുബന്ധിച്ച് സംസ്ഥാന നിയമവകുപ്പ് സംഘടിപ്പിക്കുന്ന 3-ാം അഖിലകേരള ഭരണഘടനാ പ്രസംഗമത്സരം " വാഗ്മി 2025" - സംബന്ധിച്ച്.

സൂചന:- സ.ഉ.(സാധാ) നം.869/2025/LAW തീയതി 29.07.2025.

കേരളസർക്കാരിന്റെ നിയമ വകുപ്പ് 2025 വർഷത്തെ ഭരണഘടനാ ദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ, എയ്ഡഡ് ആർട്ട്സ് & സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്കായി ഭരണഘടനയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആസ്പദമാക്കി "വാഗ്മി -2025" എന്ന പേരിൽ 3-ാം അഖില കേരള ഭരണഘടനാ പ്രസംഗമത്സരം സംഘടിപ്പിക്കുന്ന വിവരം താങ്കളെ സന്തോഷപൂർവ്വം അറിയിക്കുന്നു.

രണ്ട് ഘട്ടങ്ങളിലായാണ് മത്സരം നടത്തുന്നത്. മേഖലാ തല മത്സരങ്ങൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ വച്ചും, ഫൈനൽ മത്സരം തിരുവനന്തപുരത്ത് വച്ചും നടത്തുന്നതാണ്. മത്സരത്തിൽ ഒന്നാം സമ്മാനമായി 25,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും, രണ്ടാം സമ്മാനമായി 15,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും, മൂന്നാം സമ്മാനമായി 10,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതാണ് .

ഒരു കോളേജിൽ നിന്നും ഒരു വിദ്യാർത്ഥിക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുവാൻ താല്പര്യപ്പെടുന്ന വിദ്യാർത്ഥിയുടെ വിവരങ്ങൾ ഇതിനോടൊപ്പം ചേർത്തിട്ടുള്ള ഫോമിൽ ചേർത്ത് താഴെ കാണിച്ചിരിക്കുന്ന ഇ-മെയിൽ വിലാസത്തിൽ **10.10.2025-ന്** 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇതിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന നിയമാവലി പരിശോധിക്കുക.

വിശ്വസ്തതയോടെ,
കെ ജി സനൽ കുമാർ
നിയമ സെക്രട്ടറി
നിയമസെക്രട്ടറിയ്ക്കുവേണ്ടി

ഇ-മെയിൽ :- lawolpc@gmail.com
ഫോൺ നമ്പർ :- 0471-2517066

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

Signed by
Sajjad S
Date: 27-09-2025 10:36:05

# 2025-ലെ ഭരണഘടന ദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന നിയമവകുപ്പ് കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന 3-ാം അഖിലകേരള ഭരണഘടന പ്രസംഗമത്സരം - "വാഗ്മി -2025”

## നിയമാവലി

- 2025 നവംബർ 26-നാണ് ഈ വർഷത്തെ ഭരണഘടനാദിനം. ഭരണഘടനാ ദിനാഘോഷത്തിന്റെ ഭാഗമായി നിയമവകുപ്പ് സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ, എയ്ഡഡ് ആർട്ട്സ് & സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്കായി ഭരണഘടനയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആസ്പദമാക്കി "വാഗ്മി - 2025” എന്ന പേരിൽ 3-ാം അഖില കേരള ഭരണഘടന പ്രസംഗമത്സരം സംഘടിപ്പിച്ചിരിക്കുന്നു.

- മത്സരം മലയാളത്തിലാണ് നടത്തുന്നത്.

- രണ്ട് ഘട്ടങ്ങളിലായാണ് മത്സരം നടത്തുന്നത്. മേഖലാതല മത്സരങ്ങൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ വച്ചും, ഫൈനൽ മത്സരം തിരുവനന്തപുരത്ത് വച്ചും നടത്തുന്നതാണ്.

- തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ ദക്ഷിണ മേഖലയായും എറണാകുളം, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകൾ മധ്യമേഖലയായും, കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറം, കാസർഗോഡ് ജില്ലകൾ ഉത്തരമേഖലയായും തരം തിരച്ചാണ് മത്സരങ്ങൾ നടത്തുന്നത്.

- മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഇതോടൊപ്പമുള്ള രജിസ്ട്രേഷൻ ഫാറം പൂരിപ്പിച്ച് **10.10.2025-ാം തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി** lawolpc@gmail.com എന്ന ഇ.മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ഒരു കോളേജിൽ നിന്നും ഒരു വിദ്യാർത്ഥിയെ മാത്രമാണ് മത്സരത്തിൽ പങ്കെടുപ്പിക്കുക എന്നതിനാൽ താങ്കളുടെ സ്ഥാപനത്തിൽ നിന്നും

മത്സരത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വിദ്യാർത്ഥികളിൽ നിന്നും ഒരു വിദ്യാർത്ഥിയെ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

- ഉത്തരമേഖല മത്സരം **2025** ഒക്ടോബർ നാലാം വാരത്തിലും, മധ്യമേഖല, ദക്ഷിണമേഖല മത്സരങ്ങൾ നവംബർ മാസം രണ്ടാം വാരത്തിലും നടത്തുന്നതിന് പ്രാഥമികമായി തീരുമാനിച്ചിരിക്കുന്നു.

- മേഖലാ തല മത്സരങ്ങൾക്കുള്ള പ്രസംഗ സമയം **5** മിനിട്ടാണ്. മത്സരാർത്ഥിക്ക് **10** മിനിട്ടുകൾക്ക് മുമ്പ് പ്രസംഗവിഷയം നൽകുന്നതാണ്.

- ഓരോ മേഖലാ മത്സരത്തിൽ നിന്നും **3** പേരെ വീതം ഫൈനലിലേക്ക് തിരഞ്ഞെടുക്കുന്നതായിരിക്കും.

- മേഖലാതല മത്സരാർത്ഥികൾക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കേറ്റ് മത്സരാനന്തരം നൽകുന്നതാണ്. മേഖലാതല മത്സര വിജയികൾക്കുള്ള സർട്ടിഫിക്കറ്റും മൊമന്റോയും ഫൈനൽമത്സര ഉദ്ഘാടന പരിപാടിയിൽ നല്കുന്നതാണ്. കൂടാതെ മേഖലാതല വിജയികളായ **ഫൈനൽ മത്സരത്തിൽ പങ്കെടുക്കുന്ന** മത്സരാർത്ഥികൾക്ക് ഫൈനൽ മത്സര വേദിയിൽ വച്ച് **2500/-** രൂപ പ്രോത്സാഹന സമ്മാനമായി നൽകുന്നതാണ്.

- ഫൈനൽ മത്സരങ്ങൾ തിരുവനന്തപുരത്ത് വച്ച് നടത്തുന്നതും, വിജയികൾക്ക് താഴെ പറഞ്ഞിട്ടുള്ള സമ്മാനം നിയമവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഭരണഘടന ദിനാഘോഷ - വാഗ്മി സമാപന പരിപാടിയൽ വച്ച് നല്കുന്നതുമാണ്.

- ഒന്നാം സമ്മാനം: **25,000/-** രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും,
- രണ്ടാം സമ്മാനം: **15,000/-** രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും,
- മൂന്നാം സമ്മാനം **10,000/-** രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും.

- മത്സരങ്ങളുടെ സമയം, ഘടന, സ്ഥലം, മുതലായവയിൽ മാറ്റം വരുത്തുന്നതിന് നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പിന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്

- തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്ട്രേഷൻ നടത്തുന്ന മത്സരാർത്ഥിയേയും മത്സരത്തിന്റെ നിയമാവലിയും നിർദ്ദേശങ്ങളേയും ലംഘിക്കുന്ന മത്സരാർത്ഥികളേയും മത്സരത്തിൽ നിന്നും അയോഗ്യരാക്കുന്നതിനും പുറത്താക്കുന്നതിനും നിയമ (ഔദ്യോഗിക ഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പിന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

- മത്സരഫലം സംബന്ധിച്ച വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

വിദ്യാർത്ഥിയുടെ
പാസ്പോർട്ട്
സൈസ് ഫോട്ടോ
ഇവിടെ ഒട്ടിക്കുക

**കേരളസർക്കാർ**
**നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്**

ഭരണഘടനാ ദിനാഘോഷത്തോടനുബന്ധിച്ച്
സംസ്ഥാന നിയമവകുപ്പ് സംഘടിപ്പിക്കുന്ന

# 3-ാം അഖിലകേരള ഭരണഘടനാ പ്രസംഗമത്സരം "വാഗ്മി -2025"

## രജിസ്ട്രേഷൻ ഫാറം

1. **മത്സരാർത്ഥിയുടെ പേര്:**
2. **കോളേജിന്റെ പേര്:**
3. **പ്രായവും ജനനത്തീയതിയും :**
4. **ലിംഗം:** പുരുഷൻ / സ്ത്രീ / ട്രാൻസ്ജെൻഡർ
5. **പഠിക്കുന്ന കോഴ്സ്:**
6. **മത്സരാർത്ഥിയുടെ മേൽവിലാസം:**
7. **മത്സരാർത്ഥിയുടെ ഇ-മെയിൽ:**
8. **മത്സരാർത്ഥിയുടെ ഫോൺ നമ്പർ:**
9. **മത്സരാർത്ഥിയുടെ ഒപ്പ്:**

സ്ഥലം: തീയതി:

**സാക്ഷ്യപത്രം**

മത്സരാർത്ഥി മുകളിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയും സത്യവുമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ടി വിദ്യാർത്ഥി എന്റെ കോളേജിൽ നിന്നും ടി മത്സരത്തിനുള്ള ഒരേയൊരു നോമിനി ആണെന്നും സാക്ഷ്യപ്പെടുത്തുന്നു.

പ്രിൻസിപ്പൽ / വകുപ്പ് മേധാവിയുടെ ഒപ്പും മുദ്രയും

സ്ഥലം: തീയതി:

* മത്സരവുമായി ബന്ധപ്പെട്ട നിയമാവലി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.